**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 973** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികൾ ജനവാസ മേഖലകളിലേക്ക് കടന്ന് മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്നതും കൃഷിനാശം സൃഷ്ടിക്കുന്നതും വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങാതിരിക്കുന്നതിനും ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നവയെ തിരികെ വനത്തിനുള്ളിലേക്ക് മടക്കി അയക്കുന്നതിനുമായി സ്ഥിരം വനം ജീവനക്കാർക്കു പുറമേ ആവശ്യത്തിന് ദിവസ വേതന ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ ജനപങ്കാളിത്തത്തോടെയുള്ള ജനജാഗ്രതാ സമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഡിസ്ട്രിക്ട് ലവൽ കമ്മിറ്റി മുഖേനയും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി വരുകയും ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്ക് ആവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹദ് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി കേന്ദ്രഗവൺമെൻറിലേക്ക് സമർപ്പിക്കുന്നതിനായി സമർപ്പിച്ചത് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | വന്യജീവി ആക്രമണം തടയുന്ന പ്രവർത്തനങ്ങൾക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തിന് 2016 മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2016 മുതൽ നാളിതുവരെ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | അനുവദിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (സി) | സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് കേന്ദ്ര വിഹിതം ലഭിച്ചത് എന്നതിനാലാണ് അനുവദിച്ച ഫണ്ട് അതാത് വർഷങ്ങളിൽ പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത്. |
| (ഡി) | 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; അവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെയും, പരിക്കേറ്റവരുടെയും അവയ്ക്ക് നൽകിയ നഷ്ടപരിഹാര തുകയുടെയും വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

(രൂപ ലക്ഷത്തിൽ)

| ബജറ്റ് ശീർഷകം | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുക | ചെലവഴിച്ച തുക |
| 2406-02-110-35-Project Elephant (60:40 CSS) | 146.59 | 149.63 | 165.00 | 168.05 | 177.60 | 153.28 | 183.90 | 197.24 | 148.34 | 170.97 | 166.62 | 170.99 | 76.96 | 54.31 |
| 2406-02-110-52-IDWH-Outside PA (60:40 CSS) | 130.20 | 130.20 | 205.92 | 154.87 | 521.32 | 328.37 | 0.00 | 0.00 | 463.06 | 463.06 | 0.00 | 0.00 | 91.31 | 51.53 |

അനുബന്ധം - 2

അനുബന്ധം - 2

| വർഷം | പരിക്ക് പറ്റിയവർ | മരണപ്പെട്ടവർ |
|---|---|---|
| 2016-2017 | 798 | 145 |
| 2017-2018 | 846 | 119 |
| 2018-2019 | 765 | 146 |
| 2019-2020 | 694 | 102 |
| 2020-2021 | 977 | 97 |
| 2021-2022 | 830 | 152 |

| വർഷം | നഷ്ടപരിഹാര തുക (ലക്ഷത്തിൽ) |
|---|---|
| 2016-2017 | 963.90 |
| 2017-2018 | 1018.68 |
| 2018-2019 | 1115.03 |
| 2019-2020 | 930.06 |
| 2020-2021 | 1044.82 |
| 2021-2022 | 1310.87 |
| 2022-2023 (as on 31.01.2023) | 254.60 |